നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : സർ, ഈ കാര്യത്തിൽ ഗവൺമെന്റിനു് ഒരു മദ്ധ്യമാർഗ്ഗമേ സ്വീകരിക്കാൻകഴിയുകയുള്ളു. ഇലയ്ക്കും മുള്ളിനും കേടില്ലാതെ ഇങ്ങനെയുള്ള പ്രശ്നങ്ങളെ സമീപിക്കുകയെന്നുള്ളതാണു് ഗവൺമെന്റിന്റെ നിലപാടു്. ബങ്കുകൾ മാറുകയില്ലെന്നുള്ള നിലപാടില്ല. ഗതാഗതതടസ്സമുണ്ടാക്കുന്നതും പട്ടണത്തിന്റെ മുഖം വികൃതമാക്കുന്നതും വികസന പ്രവർത്തനങ്ങൾക്കു് തടസ്സമുണ്ടാക്കുന്നതുമായ ബങ്കുകൾ പൊളിച്ചുമാറും മാറുമ്പോൾ സാധാരണക്കാർക്കു് ബുദ്ധിമുട്ടുവരരുതു്. ഇതാണു് പൊതുവായ നയം. ആലപ്പുഴയെ സംബന്ധിച്ചു് ഒരു കാര്യം ഞാൻ പറയാൻ ആഗ്രഹിക്കുകയാണു്. അവിടെ റോഡരുകിലായി സ്ഥാപിച്ചു് മുനിസിപ്പാലിറ്റി വാടകയ്ക്കു കൊടുത്തിരുന്ന 64 ബങ്കുകൾ ഉണ്ടായിരുന്നു. അതു കൂടാതെ മുൻ ചെയർമാൻ വി. കെ. സോമന്റെ അനുവാദത്തോടുകൂടി ആറുമാസത്തോളം അഡ്വാൻസു് വാടക അടച്ചതും എന്നാൽ നിയമാനുസരണം അനുവാദം കൊടുക്കാത്തതുമായ 130 ബങ്കുകൾ വേറെയും ഉണ്ടായിരുന്നു. ഇങ്ങനെയുള്ള ബങ്കുകളെ സംബന്ധിച്ചിടത്തോളം മുഴുവൻ പൊളിച്ചുമാറ്റാനുള്ള ഒരു തീരുമാനമെടുത്തു. പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ വന്നപ്പോൾ ഡി. ഡി. സി. യിൽ ഇതിനെപ്പറ്റി ഒരു ചർച്ച വന്നു. ഇതുമുഴുവൻ ഇങ്ങനെ പൊളിച്ചുമാറ്റരുതെന്നു പറഞ്ഞുകൊണ്ടു്, മാറ്റിയതിനെ സംബന്ധിച്ചു് പ്രതിഷേധിച്ചുകൊണ്ടു് ഒരു ചർച്ച വന്നു. 26-7-1986-ൽ ആലപ്പുഴയിൽകൂടിയ ഡി. ഡി. സി. യിൽ ഒരു സബ് കമ്മിറ്റി രൂപീകരിച്ചു് നീക്കം ചെയ്തതിനുശേഷം ആലപ്പുഴയിലെ എം. എൽ. എ. ആയ ശ്രീ. കെ. പി. രാമചന്ദ്രൻ നായരുടെ നേതൃത്വത്തിൽ എട്ടംഗങ്ങളുള്ള ഒരു സബ്കമ്മിറ്റിയെ നിയമിക്കുകയും ആ സബ്കമ്മിറ്റിയുടെ റിപ്പോർട്ടനുസരിച്ചു് പ്രവർത്തിക്കണമെന്നു് ധാരണയുണ്ടാക്കുകയും ചെയ്തു. ആ സബ്കമ്മിറ്റി 6-8-1986-ൽ കൂടി. അനധികൃതമായി വച്ചിരുന്ന 64 ബങ്കുകളിൽ ആദ്യപടിയായി 32 എണ്ണം സ്ഥാപിക്കുന്നതിനു് സ്ഥലനിർണ്ണയം ചെയ്യുകയും തീരുമാനം ഡി. ഡി. സി. ക്കു് അയയ്ക്കുകയും ചെയ്തു. പക്ഷെ 6-8-1986-ൽ കൂടിയ കമ്മിറ്റിയിൽ എല്ലാ അംഗങ്ങളും ഹാജരാകാതിരുന്നതുകൊണ്ടാണു് ആ തീരുമാനം ഇപ്പോൾ അംഗീകരിക്കാൻ നിർവ്വാഹമില്ലെന്നുള്ള നിലയിൽ കളക്ടർ അതു് പെൻഡൻസിയിൽ വച്ചിരിക്കുന്നതു്. ബഹുമാനപ്പെട്ട രാമചന്ദ്രൻനായരടങ്ങുന്ന കമ്മിറ്റിയുടെ ശുപാർശ 32 എണ്ണം പുനഃസ്ഥാപിക്കണമെന്നാണു്. അതിനുള്ള സ്ഥലനിർണ്ണയം ചെയ്തിട്ടുണ്ടു്. ആ കമ്മിറ്റിയിൽ മുഴുവൻ ആളുകളും ഹാജരാകാതിരുന്നതുകൊണ്ടു് എല്ലാ ആളുകൾക്കും അതു് സമ്മതമാണെങ്കിൽ അതിനെപ്പറ്റി പരിഗണിക്കാൻ വേണ്ടി കളക്ടർ മാറ്റിവച്ചിരിക്കുകയാണു്. ഏതായാലും ഗൗരിയമ്മ പറയുന്ന ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിനു് ഉൽക്കണ്ഠയുണ്ടു്. ആളുകളെ മാറ്റം ചെയ്യേണ്ടി വരും. ബങ്കുകൾ മാറ്റേണ്ടി വരും. മാറ്റിയാൽ, അവർക്കു് ബുദ്ധിമുട്ടില്ലാത്തവിധത്തിൽ, ഒരു ജീവൽപ്രശ്നമെന്ന നിലയിൽ അതൊക്കെ കാണുകയും അതിനെയൊക്കെ സമീപിക്കുകയും ചെയ്യും. ഏതായാലും ആലപ്പുഴ പട്ടണത്തിൽ ബുദ്ധിമുട്ടുണ്ടാകാൻ പാടില്ല. ഇങ്ങനെയുള്ളവരെ നീക്കം ചെയ്യും എന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

(8) പ്രതിപക്ഷത്തിനു് അർഹമായ പരിഗണനയും അവകാശങ്ങളും നിഷേധിക്കുന്നു എന്ന പരാതി

ശ്രീ. ഇ. കെ. നായനാർ : സ്പീക്കർ സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ ശ്രദ്ധയിലും സഭയുടെ ശ്രദ്ധയിലും ഞാൻ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നതു് പ്രതിപക്ഷത്തിനു് അർഹിക്കുന്ന പരിഗണനയും അവകാശങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ കുറച്ചുദിവസങ്ങളായിട്ട് നടന്ന നടപടിയിൽ പൂർണ്ണമായി അംഗീകരിച്ചുകണ്ടില്ലെന്നുള്ള ഒരു ഖേദകരമായ കാര്യമാണ്. സബ്മിഷന്റെ കാര്യത്തിലായാലും പോയിന്റ് ഓഫ് ഓർഡറിന്റെ കാര്യത്തിലായാലും ശ്രദ്ധക്ഷണിക്കലിന്റെ കാര്യത്തിലായാലും ന്യായമായി ഉന്നയിക്കാൻ അവകാശപ്പെട്ട കാര്യങ്ങൾതന്നെ ഇവിടെ പ്രതിഫലിപ്പിക്കാനോ ഉന്നയിക്കാനോ കഴിയാത്ത ഒരു സാഹചര്യം ഉളവായിട്ടുണ്ട്. ഈകാര്യത്തെസംബന്ധിച്ച് സ്പീക്കറുടെ ശ്രദ്ധയിൽ പൂർണ്ണമായി പെടുത്തുകയും പ്രത്യേകിച്ച് പ്രതിപക്ഷത്തിന് ലഭിക്കേണ്ട അവകാശങ്ങളുടെ കാര്യത്തിൽ സ്പീക്കർ കൂടുതൽ ശ്രദ്ധ ചെലുത്തുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുകയാണ്.

മി. സ്പീക്കർ : നമ്മുടെ പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ ഭരണപക്ഷത്തിനുള്ള പ്രാധാന്യംപോലെതന്നെ പ്രതിപക്ഷങ്ങൾക്കുമുള്ള പ്രാധാന്യം സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. അത് അംഗീകരിച്ചുകൊണ്ട് അങ്ങേയറ്റത്തെ എല്ലാ പരിഗണനയും അർഹമായിട്ടുള്ള എല്ലാ അവകാശങ്ങളും പ്രതിപക്ഷത്തിന് നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് ചെയറിന്റെ ഭാഗത്തുനിന്നും എല്ലാക്കാലത്തും ഉണ്ടായിട്ടുള്ളത്. ചെയർ ആയാലും ഡെപ്യൂട്ടിസ്പീക്കറായാലും മറ്റ് പ്രിസൈഡിംഗ് ഓഫീസർമാരായാലും നിലവിലുള്ള ആ നയത്തിൽനിന്ന് മാറ്റംവരുത്താനാഗ്രഹിച്ചിട്ടില്ല. അങ്ങനെ ആഗ്രഹിക്കുകയുമില്ല. ജനങ്ങളുടെ പൊതുവായിട്ടുള്ള പ്രശ്നങ്ങൾ വ്യവസ്ഥാപിതമായി ഉന്നയിക്കാനുള്ള അവസരം നൽകുകയെന്നുള്ള നയമാണ് എക്കാലവും ചെയർ സ്വീകരിച്ചിട്ടുള്ളത്. സബ്മിഷന്റെ കാര്യത്തിലാണെങ്കിൽ ഏതെങ്കിലുമൊരു പ്രത്യേകകാര്യത്തിനെന്നല്ല, വിശേഷിച്ച് എല്ലാ കാര്യങ്ങൾക്കും സബ്മിഷൻ അനുവദിക്കുകയെന്ന നയമാണ് സ്വീകരിച്ചിട്ടുള്ളത്. ഏത് രൂപത്തിലായാലും വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ ജനകീയപ്രശ്നങ്ങൾ ഉന്നയിക്കാനുള്ള അവസരം നൽകുകയെന്നുള്ള നയമാണ് സ്വീകരിച്ചിട്ടുള്ളത്. ആ നയത്തിന് യാതൊരു മാറ്റവുമുണ്ടായിട്ടില്ല. പ്രതിപക്ഷത്തിന്റെ എല്ലാ അവകാശങ്ങളും സംരക്ഷിച്ചുകൊണ്ടുതന്നെ തീർച്ചയായും മുന്നോട്ടുപോകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിനെസംബന്ധിച്ച് യാതൊരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ആശങ്കയേവായി മാറാറിവയ്ക്കണം. അത് അസ്ഥാനത്താണ്. ഇതിനെ സംബന്ധിച്ച് ഒരു കാര്യം ചെയറിന്, പൊതുവെ സഭയിൽ അഭ്യർത്ഥിക്കാനുണ്ട്. തീർച്ചയായും പല സാമൂഹികമായ സംഘർഷങ്ങളുടെയും പ്രതിഫലനം സഭയ്ക്കകത്തുണ്ടാകും. അങ്ങനെയുണ്ടാകുന്ന സന്ദർഭങ്ങളിൽ ആത്മനിയന്ത്രണംവിടാതെ വ്യവസ്ഥാപിതമായ മാർഗ്ഗങ്ങളിലൂടെ സഭാനടപടികളുടെ അന്തസ്സ് ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ സഭാനടപടികളുമായി മുന്നോട്ടുകൊണ്ടുപോകാൻ എല്ലാ ഭാഗത്തുനിന്നും സഹകരണമുണ്ടാകണമെന്ന് ചെയർ പ്രത്യേകം അഭ്യർത്ഥിക്കുന്നു. ജനങ്ങൾ ഈ സഭയിൽ അംഗങ്ങളിൽ ഏല്പിച്ചിട്ടുള്ള ഭാരിച്ച ഉത്തരവാദിത്തത്തിൻമേൽ 100 ശതമാനവും നീതിപുലർത്തിക്കൊണ്ട് പ്രവർത്തിക്കാൻ നമുക്ക് സാധിക്കണം. ഏതുസാഹചര്യത്തിലായാലും പ്രകോപനമുണ്ടാകാതിരിക്കാൻ സഭാംഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അങ്ങേയറ്റം ഉയർന്ന രീതിയിൽ പ്രവർത്തിച്ചുമുന്നോട്ടുപോകാൻ നമുക്ക് സാധിക്കണം. ഇവിടെ പ്രതിപക്ഷനേതാവ് സബ്മിഷന്റെകാര്യം പറഞ്ഞു. സബ്മിഷൻകാര്യം തന്നെയെടുക്കാം. ഇവിടെ ആകെ 196 സബ്മിഷൻസ് അനുവദിച്ചിട്ടുള്ളതിൽ 127 എണ്ണവും പ്രതിപക്ഷാംഗങ്ങളുടേതാണ്. ഭരണകക്ഷിയിൽനിന്ന് 69 സബ്മിഷൻസ് മാത്രമേ ഉന്നയിച്ചിട്ടുള്ളൂ. അതിനകത്ത് യാതൊരു വിവേചനവും സബ്മിഷന്റെ കാര്യത്തിൽ ഉണ്ടായിട്ടില്ല എന്ന് ഇതിൽനിന്നുതന്നെ വ്യക്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ : സർ, വ്യാഴം, വെള്ളി ദിവസങ്ങളിൽ ഈ പറഞ്ഞ അവകാശം ഞങ്ങൾക്ക് നിഷേധിച്ചു. ആ കാര്യമാണ് ഇവിടെ ഉന്നയിച്ചത്. ചെയറിന്റെ പൊതുസമീപനത്തെ ഞങ്ങൾ മാനിക്കുന്നു. അതിനെയാതൊരു ആക്ഷേപവും പറഞ്ഞിട്ടില്ല. ഈ രണ്ടുദിവസം നടന്ന സംഭവം. വെള്ളിയാഴ്ച ഞങ്ങൾ ഉണ്ടായിരുന്നില്ല. മറ്റ് മെമ്പർമാർക്ക് സബ്മിഷൻ ഉന്നയിക്കാൻ അവകാശം കൊടുക്കാതെ നിഷേധിച്ച കാര്യമാണ് ഞാൻ ഇവിടെ ഉന്നയിച്ചത്.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്) : സർ, അങ്ങ് പറഞ്ഞതിനോട് വളരെ സന്തോഷമുണ്ട്. ഭരണകക്ഷിയെ സംബന്ധിച്ച് ഇത് ഈ ഭാഗത്ത് എല്ലാവരും അംഗീകരിക്കേണ്ടതാണ്. അത് അംഗീകരിക്കുന്നുണ്ട്. പക്ഷേ ബഹുമാനപ്പെട്ട നായനാർ പറഞ്ഞതിനെ സംബന്ധിച്ച് ഭരണകക്ഷികം ക്കുള്ള വികാരം അങ്ങ് പറഞ്ഞതുകൊണ്ടുതന്നെ തെളിഞ്ഞുകഴിഞ്ഞു. ഇത് സംബന്ധിച്ച് എന്തുണ്ടെങ്കിലും ഈ സഭയിൽ വച്ച് ഉന്നയിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നില്ല, അങ്ങയെ ചേമ്പറിൽ വന്നുകണ്ട് പറഞ്ഞുകൊള്ളാം.

മി. സ്പീക്കർ : ഏതായാലും ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ ഉന്നയിച്ച നിലയ്ക്ക് ഇനി ചേമ്പറിൽവച്ച് പറയേണ്ട കാര്യമില്ല, ഇവിടെ വച്ചുതന്നെ പറയാം.

ശ്രീ. ഇ. അഹമ്മദ് : ഈ സഭയിൽ ഉള്ള എല്ലാമെമ്പർമാർക്കും സാധാരണ സബ്മിഷനു സമയം കിട്ടിയിട്ടില്ലെങ്കിൽ അത് തോന്നാറുണ്ട്. അത് സാധാരണയാണ്. പ്രതിപക്ഷത്തെ ആവശ്യങ്ങളെ സംബന്ധിച്ച് ഭരണകക്ഷികം അല്ലെങ്കിൽ ഗവൺമെൻറ് പക്ഷം എത്രമാത്രം സഹകരിച്ചുവെന്നുള്ളത് ബഹുമാനപ്പെട്ട അങ്ങേക്ക് അറിയാം. ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ വച്ച് പ്രതിപക്ഷം ആവശ്യപ്പെട്ട 'ഒരുമണിക്കൂർ ഡിസ്കഷൻ' ഞങ്ങൾ അനുവദിച്ചു. പ്രതിപക്ഷ ആവശ്യപ്പെട്ടതു പലതും ഞങ്ങൾ അംഗീകരിച്ചുവെന്നുമാത്രമല്ല, സാധാരണ ഏതുബില്ലാണ് എടുക്കേണ്ടത് എന്ന് തീരുമാനിക്കേണ്ടത് ഒരു കൺവീനറിനുള്ള പ്രിറോഗേറ്റീവാണ്. അതിന്റെ പ്രയോജനം പോലും പ്രതിപക്ഷവുമായി സഹകരിച്ച് തീരുമാനിക്കാൻ ഞങ്ങൾ തയ്യാറായി, സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് മേലിലും അങ്ങേക്ക് ഈ സഭ ക്രമീകരിക്കാൻ എന്തെല്ലാം, യുക്തമായി തോന്നുന്നുവോ പരമാവധി അങ്ങയുമായി സഹകരിക്കാൻ ഞങ്ങൾ തയ്യാറാണ്. പക്ഷേ അതേ നിലയിൽതന്നെ അതിനെ മറ്റൊന്നായി വ്യാഖ്യാനിക്കുന്നതും, കാസ്റ്റിംഗ് ആസ്പെർഷൻ' ആക്കുന്നതും ഇല്ലാതാക്കണമെന്നാണ് ഞങ്ങൾക്ക് അപേക്ഷിക്കാനുള്ളത്.

ശ്രീമതി കെ. ആർ. ഗൗരി : സർ, അന്ന് നടന്ന സംഭവം ഇതാണ്. ഞാൻ ബുധനാഴ്ച ഒരു സബ്മിഷൻ കൊടുത്തിരുന്നു. അന്ന് മുഖ്യമന്ത്രി പറഞ്ഞു, വിവരം എനിക്ക് കിട്ടിയിട്ടില്ല അതുകൊണ്ട് മറ്റന്നാൾ എന്ന്. പിറ്റേദിവസത്തേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള നടപടി വന്നപ്പോൾ ഞാൻ പിറ്റേദിവസം രാവിലെ ഉണ്ടാകുകയില്ല, സഭ നടന്ന സ്ഥലത്തേക്ക് പോകുകയാണ് എന്ന് സെക്രട്ടേറിയറ്റിനെ അറിയിച്ചു. അവിടെ ചെന്ന് വിവരം അറിഞ്ഞുകഴിഞ്ഞ് വന്നതിനു ശേഷം ഉന്നയിക്കാം എന്നും പറഞ്ഞു വ്യാഴാഴ്ച 12 മണി കഴിഞ്ഞാണ് ഞാൻ വന്നത്. പിറ്റേദിവസം അവിടെ പോയി, അന്വേഷിച്ചുകഴിഞ്ഞതിനുശേഷം അതിന്റെ സീരിയസ്നസ് വച്ച് ഞാൻ ഒരു അടിയന്തിരപ്രമേയം എഴുതിക്കൊടുത്തു. ഡെപ്യൂട്ടി സ്പീക്കർ

LIBRARY ARCHIVES Kerala Legislative Assembly

ഉടനെതന്നെ എന്നെ വിളിച്ചുചോദിച്ചു, അപ്പോഴാ ഞാൻ പറഞ്ഞു ഒരു അടിയന്തിര പ്രമേയത്തിന്റെ ആവശ്യം ഉണ്ട് എന്ന്. സബ്മിഷനു കുറച്ച് സമയമല്ലേ തരുകയുള്ളു. അപ്പോഴാ അടിയന്തിരപ്രമേയത്തിനു ഇന്നതുപോലെ ബുദ്ധിമുട്ടുണ്ട് എന്ന് ഡെപ്യൂട്ടി സ്പീക്കർ എന്നോട് പറഞ്ഞു. ഞാൻ ഉന്നയിച്ചു നോക്കട്ടെ അല്ലെങ്കിൽ സബ്മിഷനായി ഉന്നയിച്ചുകൊള്ളാമെന്ന് ഞാൻ പറഞ്ഞു. അതാണ് ഉണ്ടായത്.

അതുകഴിഞ്ഞ് ഇവിടെവന്ന് അടിയന്തിരപ്രമേയം ഉന്നയിച്ചുനോക്കി അടിയന്തിരപ്രമേയം ഞാൻ കൊടുത്തിട്ടുണ്ടല്ലോ. അതു അനുവദിക്കുകയില്ല എന്നു പറഞ്ഞു, അപ്പോഴാ എനിക്ക് സബ്മിഷൻ വേണമെന്നു പറഞ്ഞു. ഉടനെ ചെയറിൽ നിന്നുപറഞ്ഞു സബ്മിഷൻ തരാൻ പറ്റുകയില്ല എന്ന്. അന്ന് സബ്മിഷൻ തരുകയില്ല വേണമെങ്കിൽ തിങ്കളാഴ്ച വരാൻ പറഞ്ഞു. പിന്നീട് മുഖ്യമന്ത്രി പറഞ്ഞു, അന്നേദിവസം വേണമെങ്കിൽ ആയിക്കോട്ടെ എന്ന്. അതിനുശേഷമാണ് സബ്മിഷൻ അനുവദിക്കുന്നത്. ഞങ്ങളുടെ കൂട്ടത്തിൽ നിന്ന് 127 സബ്മിഷനുണ്ട് എന്ന് അങ്ങ് ഇപ്പോഴാ പറഞ്ഞു. ഞങ്ങളാ നേരിട്ട് പറഞ്ഞാൽ നടക്കാത്ത കാര്യങ്ങളാ നിയമസഭയിലെങ്കിലും പറയണമെന്നു വിചാരിച്ചുകൊണ്ടാണ് കൂടുതൽ സബ്മിഷൻ ഉന്നയിക്കുന്നത്. നിയമസഭാനടപടികളാ നടത്തിക്കൊണ്ടുപോകാൻ, ബ്യൂസിനസ് അഡ്വൈസറി കമ്മിറ്റി എന്തിനാണ് സംഘടിപ്പിച്ചത്. നിയമസഭാ റൂളിൽ സാധാരണനിലയിൽ ലീഡറിനും അതുപോലെ ഓപ്പസിഷൻ ലീഡർക്കും മാത്രമേ ചില അവകാശങ്ങൾ പറയുന്നുള്ളു. പക്ഷേ ഒരു നിയമസഭയുടെ നടത്തിപ്പിന്—ഇന്നത്തെ നിലയിൽ പല പാർട്ടികളും ഉള്ളതായ ഒരു നിയമസഭയിൽ—ആളുകളെ കൂടി നിയമസഭയുടെ നടപടികളാ നടത്തി മുന്നോട്ടു പോകുന്നതിനു പകരം ആ വശത്തുനിന്ന് മുഖ്യമന്ത്രി പറയുന്നത് മാത്രം കേട്ടുകൊണ്ടിരിക്കാൻ ഒരു പ്രശ്നം വന്നാൽ ഒരു വാക്കൗട്ടിനു കാരണം വശദീകരിക്കാൻ അങ്ങ് സമയം തരാറുണ്ട്.

(ബഹളം)

അങ്ങയുടെ റൂളിംഗിനു ശേഷം സാധാരണ മുഖ്യമന്ത്രിയുടേയും ബാക്കി മന്ത്രിമാരുടേയും മറുപടിയിൽ ഞങ്ങൾക്ക് പ്രതിഷേധമുണ്ടെങ്കിൽ അത് രേഖപ്പെടുത്തി ഞങ്ങൾ ഇറങ്ങിപ്പോകാറുണ്ട്. ഞങ്ങൾക്ക് ഇതിൽ എതിരഭിപ്രായമുണ്ടായി. ഞാൻ എഴുന്നേറ്റ് നിന്നിട്ട് എനിക്ക് മൈക്ക് തന്നില്ല. പിന്നെ ഞാൻ ഉറക്കെ പറഞ്ഞു. അതിനുശേഷം ബേബിജോൺ എഴുന്നേറ്റു, ബേബിജോണിനും മൈക്ക് കൊടുത്തില്ല. പ്രതിപക്ഷത്ത് ആർക്കും മൈക്ക് കൊടുക്കാതിരിക്കുമ്പോഴാ ഭരണകക്ഷിക്ക് നിയമസഭയിൽ മൈക്ക് കൊടുക്കുന്ന നടപടി ഉണ്ടായാൽ പ്രതിപക്ഷം എന്ന നിലയിലും എം. എൽ. എ. മാർ എന്ന നിലയിലും ഞങ്ങൾ വിട്ടുകൊടുക്കുകയില്ല. എതിർക്കേണ്ടിവരും.

(ബഹളം)

ശ്രീ. ഇ. അഹമ്മദ്: സർ, ബഹുമാനപ്പെട്ട ഗൗരിയമ്മ ഇവിടെ ചില കാര്യങ്ങൾ പറഞ്ഞു. ചെയറിൽ ഇരിക്കുന്നത് ബഹുമാനപ്പെട്ട അങ്ങ് ആയാലും ഡെപ്യൂട്ടി സ്പീക്കറായാലും പാനൽ ഓഫ് ചെയർമാൻമാരിൽ ഒരാളായാലും അദ്ധ്യക്ഷസ്ഥാനത്തിന് ഒരു സ്പീക്കർക്കുള്ള എല്ലാ പദവിയും പ്രത്യേക അധികാരങ്ങളുമുണ്ട്. ആ ചെയറിനോട് കഴിഞ്ഞ ദിവസം ഇവിടെ നടന്ന,..... അനാശാസ്യമെന്ന പദം ഉപയോഗിച്ചതിൽ ക്ഷമിക്കണം. പാർലമെന്ററി അല്ലാത്ത രീതിയിൽ ഉണ്ടായ ചില പ്രവർത്തനങ്ങളെ (അൺപാർലമെന്ററി) ന്യായീകരിക്കാൻ വേണ്ടി ഗൗരിയമ്മ നിന്ന് പ്രയാസപ്പെടുന്നത് കാണുമ്പോഴാ എനിക്ക് സങ്കടം തോന്നുന്നു. ബഹുമാനപ്പെട്ട ചെയറിനെ ധിക്കരിക്കുന്നത്

LIBRARY ARCHIVES Kerala Legislative Assembly

ഈ സഭയിലെ ഒരു മെമ്പർക്കും നല്ലതല്ല. അൺപാർലമെന്ററിയായിട്ട്, ആരും മറിക്കലും പ്രവർത്തിക്കാൻ പാടില്ല.

മി. സ്പീക്കർ : ഏതായാലും ദയവായി ആരും വാദിച്ചുവാദിച്ച് വെടക്കാക്കേണ്ട. ഇവിടെ ചെയറിലിരിക്കുന്നത് സ്പീക്കറായാലും ഡെപ്യൂട്ടി സ്പീക്കറായാലും പാനൽ ഓഫ് ചെയർമാൻ ആയാലും എല്ലാവർക്കും തുല്യമായ അധികാരമാണുള്ളത്. ഇതിൽ യാതൊരു സംശയവുമില്ല. ചെയറിന്റെ ഒരു തീരുമാനത്തേയും ആരും ചോദ്യം ചെയ്തിട്ടില്ല.. അതേ സ്ഥാനത്ത് ചില ഗ്രീവൻസസ് ഉണ്ട്, അതിന്റെ അനന്തരഫലങ്ങൾ ഉണ്ടായി. അത് പറഞ്ഞുകഴിഞ്ഞു എന്നുമാത്രമേയുള്ളു. ചെയറോ, ഡെപ്യൂട്ടി സ്പീക്കറോ, മറ്റ് ആരായാലും അതിനെ ചോദ്യം ചെയ്യുന്നതല്ല. തീർച്ചയായിട്ടും ഡെപ്യൂട്ടി സ്പീക്കർ അദ്ദേഹത്തിന്റെ ഡിസ്ക്രിഷനിൽ എടുത്ത തീരുമാനങ്ങൾ ശരിയാണ്, അതിൽ യാതൊരു തർക്കവുമില്ല. അത് ചർച്ചാവിഷയമല്ല. അത് ചർച്ച ചെയ്യേണ്ട കാര്യമില്ല. വെറുതെ ഇല്ലാത്തത് പറഞ്ഞ് ബഹളമുണ്ടാക്കേണ്ട..... (ബഹളം) അനാശാസ്യമായ പ്രയോഗം എന്ന് ഗൗരിയമ്മ പറഞ്ഞിട്ടില്ല. പറയാത്തത് എന്തിനാണ് പറയുന്നത്.

അന്ന് സംഭവിച്ചത് മറ്റൊന്നുമല്ല. അതിന് ചെയർ ഉത്തരവാദിയാണ്. കാരണം ഗൗരിയമ്മ ചേർത്തല സംഭവം സംബന്ധിച്ച് ബുധനാഴ്ച തന്നെ ഒരു സബ്മിഷൻ തന്നിരുന്നു. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിച്ചപ്പോൾ അന്ന് അദ്ദേഹത്തിന്റെ കയ്യിൽ ഇൻഫർമേഷനില്ല, അടുത്ത ദിവസം പറയാമെന്ന് പറഞ്ഞു. അടുത്തദിവസം ഗൗരിയമ്മ സഭയിൽ ഇല്ലാത്തതുകൊണ്ട് വിളിച്ചില്ല. അടുത്തദിവസം ഗൗരിയമ്മവന്ന് അടിയന്തിര പ്രമേയം ഉന്നയിക്കാൻ ആവശ്യപ്പെട്ടു. അന്ന് ചെയർ ഇല്ലാതിരുന്നതുകൊണ്ട് ഈ പ്രശ്നം സംബന്ധിച്ച് ബഹു: ഡെപ്യൂട്ടി സ്പീക്കർ ചെയറിനോട് സംസാരിച്ചിരുന്നു. ഒരു പ്രശ്നം സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചുകഴിഞ്ഞ് അതിന് അനുവാദം കൊടുത്തുകഴിഞ്ഞാൽ, പിന്നീട് അതിൻമേൽ ഒരു അടിയന്തിര പ്രമേയം അനുവദിക്കുന്നത് ശരിയല്ല. അതുകൊണ്ട് അതിന്റെ ഉത്തരവാദിത്വം ചെയറിനാണ്. ഡെപ്യൂട്ടി സ്പീക്കർക്ക് അല്ല. അതുകൊണ്ട് സബ്മിഷനായി റെയ്സ് ചെയ്യാൻ ചെയർ പറയുകയായിരുന്നു. സമാനമായ പ്രശ്നങ്ങൾ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്. ഡെപ്യൂട്ടി സ്പീക്കറുടെ റൂളിംഗിൽ യാതൊരു അപാകതയുമില്ല, അദ്ദേഹത്തിന്റെ തീരുമാനത്തിൽ ചെയർകൂടി ഉത്തരവാദിയാണെന്ന് അറിയിക്കുകയാണ്.

ശ്രീ. എ. വി. താമരാക്ഷൻ : Under the rule 307 (1) If the Speaker is of opinion that a word or words has or have been used in debate which is
11 a.m. or are defamatory or indecent or unparliamentary or un-dignified, he may in his discretion or that such word or words be expunged from the proceedings of the Assembly.
ഇവിടെ ഈ റൂം വളരെ ക്ലിയറാണ്. അന്ന് വ്യാഴാഴ്ച അസംബ്ലിയിൽ ഉണ്ടായിരുന്നില്ല ഇവിടെ ബഹുമാനപ്പെട്ട പി. സി. ജോർജ് സംസാരിച്ചുകൊണ്ടുനിന്ന അവസരത്തിൽ.....

മി. സ്പീക്കർ : ആ പ്രശ്നം ഉന്നയിക്കാൻ അനുവദിക്കുന്നില്ല. അതേക്കുറിച്ച് അന്ന് ഡെപ്യൂട്ടി സ്പീക്കർതന്നെ ആവശ്യമായ റൂളിംഗ് കൊടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly